**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1454** **04-07-2022 - ല്‍ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആര്‍ മഹേഷ് | | ശ്രീ. കെ. രാജന്‍<br>(റവന്യൂ-ഭവനനിര്‍മ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഒരു ജില്ലയിലെ ഡെപ്യൂട്ടി തഹസീല്‍ദാര്‍ മുതല്‍ വി.എഫ്.എ. വരെ ഉള്ള റവന്യൂ ഉദ്യോഗസ്ഥരെ ജില്ലയ്ക്ക് അകത്ത് സ്ഥലം മാറ്റാനുള്ള അധികാരം ആര്‍ക്കാണെന്ന് വ്യക്തമാക്കാമോ; | (എ) | റവന്യൂ വകുപ്പില്‍ ഓണ്‍ലൈന്‍ സ്ഥലംമാറ്റം നിലവില്‍ വന്നതിന് ശേഷം തഹസില്‍ദാര്‍/ സീനിയര്‍ സൂപ്രണ്ട് തസ്തിക വരെയുള്ള ജീവനക്കാരെ ഒരു സ്റ്റേഷനില്‍ നിന്നും മറ്റൊരു സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റം നടത്തുന്നത് വകുപ്പ് അധ്യക്ഷനായ ലാന്‍ഡ് റവന്യൂ കമ്മീഷണറാണ്. സ്റ്റേഷനകത്ത് നിയമിച്ചിട്ടുള്ള ജീവനക്കാരെ സ്റ്റേഷനുള്ളിലെ വിവിധ ആഫീസുകളിലേയ്ക്കുള്ള നിയമനം നടത്തുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടറാണ്. എന്‍ട്രി കേഡറിലുള്ള ജീവനക്കാരുടെ ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റങ്ങള്‍ നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടര്‍ക്കാണ് അധികാരം. |
| (ബി) | എ.ഡി.എം.-ന് റവന്യൂ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നതിന് അധികാരം ഉണ്ടോ; ഉണ്ടെങ്കില്‍ ഏതു ഉത്തരവിന്റെ അടിസ്ഥാനത്തില്‍ ആണ്; ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ? | (ബി) | എ.ഡി.എം.-ന് റവന്യൂ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നതിനുള്ള അധികാരം ഇല്ല. എന്നാല്‍ ജില്ലാ കളക്ടര്‍ ചുമതലപ്പെടുത്തുമ്പോള്‍ ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റങ്ങള്‍ എ.ഡി.എം. നടത്താറുണ്ട്. |

സെക്ഷന്‍ ഓഫീസര്‍